**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 525** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് നഗര ഹരിതവൽക്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിലെ കനോലി കനാൽ ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

**<u>മറുപടി:</u>** കോഴിക്കോട് നഗരപരിധിയിൽ തെക്ക് കല്ലായി പുഴയെയും വടക്ക് കോരപ്പുഴയെയും ബന്ധിപ്പിക്കുന്ന ഉൾനാടൻ ജലഗതാഗത പാതയുടെ ഭാഗമായ ഇ കെ കനാലിൽ (എരഞ്ഞിക്കൽ-കല്ലായി കനാൽ ) ഒഴുക്ക് സുഗമമാക്കുന്നതിനായി കുളവാഴയും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ വാർഷിക അറ്റകുറ്റ പണികളുടെ ഭാഗമായി വർഷംതോറും നടത്തിവരുന്നുണ്ട്. നിലവിൽ Annual Maintenance 2025-2026 Running contract removing water hyacinth and waste cleaning jungle and other reformation work in Ek canal in Kozhikode corporation എന്ന പ്രവൃത്തി നടന്നുവരുന്നു. കല്ലായി പുഴയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി, കോരപ്പുഴ അഴിമുഖത്ത് അടിഞ്ഞു ചേർന്നിട്ടുള്ള എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി, എന്നിവ മേജർ ഇറിഗേഷൻ വിഭാഗം നടപ്പിലാക്കി വരുന്നു.

കൂടാതെ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ പ്രകാരം മലിനീകരിക്കപ്പെട്ട പുഴകളിൽ ഉൾപ്പെട്ട കല്ലായ് പുഴയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്ന 7.9 കോടി രൂപയുടെ പ്രവൃത്തി നിലവിൽ പുരോഗതിയിലാണ്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതു വഴി പുഴയിലെ ഒഴുക്ക് സുഗമമാക്കുകയും മഴക്കാലത്ത് പുഴയിലെ overflow തടയുകയും താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യും.

കോരപ്പുഴ അഴിമുഖം മുതൽ റെയിൽവെ പാലം വരെ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന 3.75 കോടി രൂപയുടെ പ്രവൃത്തിയും നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പുഴയുടെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കുന്നതിനും ആവാസവ്യവസ്ഥ നില നിർത്തുന്നതിനും യാനങ്ങളുടെ സുഗമമായ സഞ്ചാരത്തിനുമാണ് മേൽ പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്.

**(ബി)** നഗര ഹരിതവൽക്കരണ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(സി)** തീരദേശ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**